കുറഞ്ഞ വോൾട്ടേജിൽ വൈദ്യുതി ലഭിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുറഞ്ഞ വോൾട്ടേജിൽ വൈദ്യുതി ലഭിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനുവേണ്ടി ശാസ്താംകോട്ടയിൽ ഒരു 66 കെ. വി. സബ് സ്റ്റേഷൻ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അത് താല്ക്കാലികമായി ഉടൻതന്നെ കമ്മീഷൻ ചെയ്യുന്നതാണ്. അപ്പോൾ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടും.

ചിറ്റൂർ താലൂക്കിലെ വോൾട്ടേജ് കുറവ്

472. [665] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ വോൾട്ടേജ് കുറവുമൂലം കൃഷിയാവശ്യത്തിനുള്ള മോട്ടോറുകൾ പ്രവർത്തിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വോൾട്ടേജ് കുറവുമൂലം പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുവാനോ, ജലസേചനം നടത്താനോ കഴിയാതെ വിളകൾ നശിച്ചുപോകുകയും, ബാങ്കിൽനിന്നും, ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുകയും ചെയ്തിട്ടുള്ള കൃഷിക്കാരെ സഹായിക്കുന്നതിന് എന്തുനടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് ചിലപ്പോൾ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(ബി) നെന്മാറ സബ്സ്റ്റേഷനിൽനിന്നും കൊല്ലങ്കോട് ഭാഗത്തേക്ക് ഒരു പ്രത്യേക 11 കെ.വി. ലൈൻ നിർമ്മിച്ചുകഴിഞ്ഞു. ലൈൻ ചാർജ്ജ് ചെയ്യുന്നതിന് ടെലിഗ്രാഫ് വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. അവരുടെ അനുമതി ലഭിക്കുന്നതിനായി നടപടി സ്വീകരിച്ചുകഴിഞ്ഞു. അനുമതി ലഭിച്ചു കഴിഞ്ഞാലുടൻ ലൈൻ ചാർജ്ചെയ്യും. അപ്പോൾ ഈ ഭാഗങ്ങളിലെ വോൾട്ടേജ് കുറവ് ഒരുപരിധിവരെ പരിഹരിക്കപ്പെടും. ഇതുകൂടാതെ പുതിയ ഒരു 66 കെ.വി. സബ്സ്റ്റേഷൻ ചിറ്റൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പ്രവർത്തിച്ചുതുടങ്ങുമ്പോൾ വോൾട്ടേജ്നില വളരെ മെച്ചപ്പെടും.

പേരാമ്പ്ര, കുറ്റ്യാടി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ്കുറവ്

473. [666] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, കുറ്റ്യാടി എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ്കുറവ് അനുഭവപ്പെടുന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly